പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 797 24.07.2012 -ലെ മറുപടി

## സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രിബ്യൂണലിൽ കെ.എസ്.ആർ.ടി.സി.യുടെ കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് :<br>" കോടിയേരി ബാലകൃഷ്ണൻ :<br>" കെ. കെ. നാരായണൻ :<br>" എം. ഹംസ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രിബ്യൂണലിൽ കെ.എസ്.ആർ.ടി.സി.യുടെ കേസുകൾ നടത്തുന്നതിനായി അഭിഭാഷകരെ നിയോഗിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കോർപ്പറേഷന് ലഭിക്കുന്ന അപേക്ഷയുടേയും അപേക്ഷകരുടെ യോഗ്യതയുടേയും അഭിഭാഷക വൃത്തിയിലുള്ള പ്രവർത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിലും, കോർപ്പറേഷൻ നിശ്ചയിച്ചിട്ടുള്ള സേവന വ്യവസ്ഥകൾ രേഖാമൂലം അംഗീകരിക്കുന്നതിനും വിധേയമായാണ് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രിബ്യൂണലിൽ അഭിഭാഷകരെ നിയോഗിക്കുന്നത്. |
| (ബി) | ട്രിബ്യൂണലിൽ എത്ര റൂട്ട് കേസുകളാണ് കഴിഞ്ഞവർഷം പരിഗണനയ്ക്കുവന്നത്; | (ബി) | ട്രിബ്യൂണലിൽ കഴിഞ്ഞ വർഷം 186 റൂട്ട് കേസുകളാണ് പരിഗണനയ്ക്കു വന്നത്. |
| (സി) | പരിഗണനയ്ക്കുവന്ന കേസുകളിൽ കെ.എസ്.ആർ.ടി.സി അഭിഭാഷകനായി നിശ്ചയിച്ചത് ആരെയായിരുന്നു; അദ്ദേഹത്തിനുള്ള യോഗ്യതകൾ എന്തെല്ലാമായിരുന്നു; | (സി) | പരിഗണനയ്ക്ക് വന്ന കേസുകളിൽ കെ.എസ്.ആർ.ടി.സി. അഭിഭാഷകരായി നിയമിച്ചവരുടെ പേരും യോഗ്യതകളും ചുവടെ പറയും പ്രകാരമാണ്.<br>1) അഡ്വ: കെ.എൻ. സ്വാമിദാസൻ, BA, LLM, 17 വർഷത്തെ പ്രവർത്തി പരിചയം<br>2) അഡ്വ: പി. കെ. ബഹനാൻ, BA, LLB, 38 വർഷത്തെ പ്രവർത്തി പരിചയം |

| | | | |
|---|---|---|---|
| (ഡി) | അഭിഭാഷകന്റെ അസാന്നിദ്ധ്യമാണ് പരിഗണിച്ച 89 കേസുകളിലും തോല്ക്കാനുള്ള കാരണം എന്നു കാണിച്ച് കെ.എസ്.ആർ.ടി.സി. യുടെ ലെയ്സൺ ഓഫീസർ കത്തെഴുതിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ഡി) | അഭിഭാഷകന്റെ അസാന്നിദ്ധ്യമാണ് പരിഗണിച്ച 89 കേസുകളിലും തോല്ക്കാനുള്ള കാരണം എന്നു കാണിച്ച് കെ.എസ്.ആർ.ടി.സി. യുടെ ലെയ്സൺ ഓഫീസർ കത്തെഴുതിയിരുന്നില്ല. എന്നാൽ എറണാകുളം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണലിലും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രിബ്യൂണലിലും അഭിഭാഷകനായി കോർപ്പറേഷൻ നിശ്ചയിച്ചിരുന്ന അഡ്വ: പി. കെ. ബഹനാൻ ശാരീരിക അവശത മൂലം കേസ്സുകളിൽ ഹാജരാകുന്നില്ലെന്നും അതിനാൽ കേസ്സുകളിൽ കോർപ്പറേഷനെതിരായി ഉത്തരവുകളും വിധി ന്യായങ്ങളും ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നും ചൂണ്ടി കാണിച്ച് കോർപ്പറേഷന്റെ ലെയ്സൺ ഓഫീസർ 31.05.2012 -ൽ കെ.എസ്.ആർ.ടി.സി. എംഡിയ്ക്ക് കത്തെഴുതിയിരുന്നു. |

സെക്ഷൻ ഓഫീസർ